**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5695** **24-03-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ ജീവനക്കാരുടെ അഭാവം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഐ. സി. ബാലകൃഷ്ണൻ</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ പ്രത്യേകിച്ച് കോർപ്പറേഷൻ പരിധിയിലെ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാതെ ജീവനക്കാരുടെ ലാവണം മാത്രമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോർപ്പറേഷൻ പരിധിയിൽ ലാവണം ഉള്ള സ്പെഷ്യൽ ഡ്യൂട്ടിക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;</td><td>(എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><table>
<tr><th>ക്രമ നം</th><th>കോർപ്പറേഷൻ</th><th>ലാവണം ഉള്ള സ്പെഷ്യൽ ഡ്യൂട്ടിക്കാരുടെ എണ്ണം</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>15</td></tr>
<tr><td>2</td><td>കൊല്ലം</td><td>1</td></tr>
<tr><td>3</td><td>കൊച്ചി</td><td>0</td></tr>
<tr><td>4</td><td>തൃശ്ശൂർ</td><td>1</td></tr>
<tr><td>5</td><td>കോഴിക്കോട്</td><td>13</td></tr>
<tr><td>6</td><td>കണ്ണൂർ</td><td>5</td></tr>
</table></td></tr>
<tr><td>(ബി)</td><td>എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ യുവാക്കളായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(സി)</td><td>സ്പെഷ്യൽ ഡ്യൂട്ടി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;</td><td>(സി)</td><td>എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ്, എക്സൈസ് അക്കാദമി എന്നിവിടങ്ങളിൽ പ്രത്യേകം തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ, ടി ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി വിവിധ ജില്ലകളിൽ നിന്നും ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിയ്ക്കുന്നു. അതോടൊപ്പം ജീവനക്കാർ സ്പെഷ്യൽ ഡ്യൂട്ടി ലഭിയ്ക്കുന്നതിനായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ പരിശോധിച്ച്, ജീവനക്കാരുടെ ആരോഗ്യപരവും കുടുംബപരവുമായ സാഹചര്യങ്ങൾ പരിഗണിച്ച് ഏറ്റവും അർഹരായവർക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിയ്ക്കുന്നു.</td></tr>
<tr><td>(ഡി)</td><td>യുവാക്കളായ ജീവനക്കാരിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും എക്സൈസ് അക്കാഡമി തൃശ്ശൂരിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണമെത്രയാണെന്ന് വ്യക്തമാക്കാമോ;</td><td>(ഡി)</td><td>എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ആകെ 65 ജീവനക്കാരും, എക്സൈസ് അക്കാദമിയിൽ 29 ജീവനക്കാരും സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | ജീവനക്കാരുടെ ഇടയിൽ സ്പെഷ്യൽ ഡ്യൂട്ടി എന്ന ആവശ്യം ഇല്ലാതാക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ